LIBRARY ARCHIVES Kerala Legislative Assembly

സെക്ഷനുകളിൽ മതിയായ അളവിൽ വൈദ്യുതി ലഭ്യമാക്കുവാൻ നടപടി

241 (1971) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പുളിക്കൽ, കാരാട്, മുണ്ടക്കുളം, കൊണ്ടോട്ടി വൈദ്യുതി സെക്ഷനുകളിലായി കഴിഞ്ഞ ഒരു വർഷത്തിനിടെ ഗാർഹികം, വ്യവസായികം, വാണിജ്യം, കൃഷി എന്നീ ആവശ്യങ്ങൾക്കായി പ്രതിമാസം ശരാശരി എത്ര കെ.വി.എ. ലോഡ് കെ.എസ്.ഇ.ബി.യുടെ നെറ്റ് വർക്കിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ പുളിക്കൽ, കാരാട്, മുണ്ടക്കുളം, കൊണ്ടോട്ടി എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലായി കഴിഞ്ഞ ഒരു വർഷത്തിനിടെ ഗാർഹികം, വ്യവസായം, വാണിജ്യം, കൃഷി എന്നീ ആവശ്യങ്ങൾക്കായി പ്രതിമാസം ശരാശരി കൂട്ടിചേർക്കപ്പെടുന്ന ലോഡ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വേനൽക്കാലങ്ങളിൽ വൈദ്യുതി ഉപയോഗം കൂടിയ സന്ദർഭങ്ങളിൽ പ്രസ്തുത സെക്ഷനുകളിൽ ഉള്ള ഭൂരിഭാഗം 11 കെ.വി. ഫീഡറുകളും ഓവർലോഡ് ആയി ടിപ്പുകുകയും ലോഡ് കുറയ്ക്കാതെ ഫീഡർ ചാർജ്ജ് ചെയ്യാൻ പറ്റാത്ത അവസ്ഥ വരികയും ചെയ്തിട്ടുണ്ടോ?

മലപ്പുറം ജില്ലയിലെ പുളിക്കൽ, കാരാട്, മുണ്ടക്കുളം, കൊണ്ടോട്ടി സെക്ഷനുകളിലെ 11 കെ.വി ഫീഡിംഗ്, 110 കെ.വി ചേളാരി സബ്സ്റ്റേഷനിലെ അയിക്കരപ്പടി, പൂത്തൂർ കൂടാതെ കിഴിശ്ശേരി 110 കെ.വി സബ്സ്റ്റേഷനിൽ നിന്നുള്ള കൊണ്ടോട്ടി, കരിപ്പൂർ, പുളിക്കൽ, എ.ആർ.നഗർ, ഒമാനൂർ, കുമ്മിനി പറമ്പ്, ഇടപ്പറമ്പ്, ഇന്റർനാഷണൽ എയർപോർട്ട് എന്നീ 11 കെ.വി ഫീഡറുകളിൽ നിന്നുമാണ്. കീഴിശ്ശേരി 110 കെ വി സബ് സ്റ്റേഷനിലെ ട്രാൻസ്ഫോമറിന്റെ ശേഷി വർദ്ധിപ്പിച്ചതിനുശേഷം പ്രസ്തുത ഫീഡറുകളിൽ വേനൽക്കാലങ്ങളിൽ ഓവർലോഡായി ഫീഡർ ചാർജ്ജ് ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടാകാറില്ല. എന്നാൽ ഏതെങ്കിലും ഫീഡറുകൾ അറ്റകുറ്റപ്പണികൾ നിമിത്തം ചാർജ്ജ് ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ മറ്റ് ഫീഡറുകളിൽ പരിധിയിൽ കൂടുതൽ ലോഡ് കണക്ട് ചെയ്താൽ ഫീഡറുകൾ ഓവർലോഡ് ആകാനുള്ള സാദ്ധ്യതയുണ്ട്.

(സി) പ്രസ്തുത സെക്ഷനുകളിൽനിന്നും പ്രതിമാസം ബോർഡിന് ശരാശരി എത്ര രൂപ വരുമാനം ലഭിക്കുന്നുവെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത സെക്ഷനുകളുടെ പ്രതിമാസ ശരാശരി വരുമാനം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ബോർഡിന് ലാഭകരമായ വരുമാനം നൽകുന്ന പ്രസ്തുത സെക്ഷനുകളിൽ മതിയായ അളവിൽ വൈദ്യുതി ലഭിക്കുന്നതിന് ശാശ്വത പരിഹാരം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ പുളിക്കൽ, കാരാട്, മുണ്ടക്കുളം, കൊണ്ടോട്ടി എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽവരുന്ന പ്രദേശങ്ങളിൽ മതിയായ അളവിൽ വൈദ്യുതി ലഭിക്കുന്നതിനായി പുളിക്കൽ ഭാഗത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ മലപ്പുറം ട്രാൻസ്മിഷൻ സർക്കിളിനുകീഴിൽ പുരോഗമിക്കുന്നു.

പെരിങ്ങണ്ടൂർ ഇലക്ട്രിക്കൽ മെഡിക്കൽ കോളേജ് സെക്ഷൻ ഓഫീസ്

242 (1972) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്, പെരിങ്ങണ്ടൂരിൽ ഉള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിലെ വൈദ്യുതി സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനുദ്ദേശിച്ചുകൊണ്ട് തുടങ്ങിയ പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, മെഡിക്കൽ കോളേജിൽനിന്ന് അകലെ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വെളപ്പായ ശിവക്ഷേത്രത്തിനു സമീപം പ്രവർത്തിച്ചുവന്നിരുന്ന മെഡിക്കൽ കോളേജ് സെക്ഷൻ ഓഫീസ്, ടി കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും ജീവനക്കാരുടെ സുരക്ഷയെ ബാധിക്കുന്ന സാഹചര്യവും കണക്കിലെടുത്ത് മെഡിക്കൽ കോളേജ്, യൂണിവേഴ്സിറ്റി ആസ്ഥാനം, സിൽക്ക്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നീ സ്ഥാപനങ്ങൾക്കെല്ലാം എല്ലാതരത്തിലും സൗകര്യമായ അത്താണിക്കു സമീപമുള്ള വാടകകെട്ടിടത്തിൽ 2020 ജൂലൈ 01 മുതൽ പ്രവർത്തിച്ചുവരുന്നു.

(ബി) മെഡിക്കൽകോളേജിന്റെയും ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെയും സമീപത്ത് പുതിയകെട്ടിടം നിർമ്മിച്ച് സെക്ഷനോഫീസിന്റെ പ്രവർത്തനം മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly